പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4540

29.06.2012 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിലെ പി.എം.ജി.എസ്.വൈ റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ-ൽ ഉൾപ്പെടുത്തി എത്ര റോഡുകൾക്ക് തുക ലഭ്യമായിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ ഫേസ് ഏഴ് രണ്ടാം ഘട്ടമായി 34 റോഡുകൾക്ക്, 2716.01 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റോഡുകളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.<br>പി.എം.ജി.എസ്.വൈ പ്രവൃത്തികൾക്കുള്ള തുക കേന്ദ്ര സർക്കാരാണ് അനുവദിക്കുക. വൈദ്യുത - ടെലിഫോൺ - ജലവിതരണ ശൃംഖല മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോൾ അതിനുള്ള തുക സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിച്ചു വരുന്ന തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അഞ്ചു വർഷത്തേയ്ക്കുള്ള സംരക്ഷണ ചെലവ് ജില്ലാപഞ്ചായത്താണ് വഹിക്കുക. |
| ബി) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ പി.എം.ജി.എസ്.വൈയിൽ ഉൾപ്പെടുത്തിയ പണികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ? | ബി) ഈ സർക്കാരിന്റെ കാലയളവിൽ പി.എം.ജി.എസ്.വൈയിൽ തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെടുത്തിയ പണികൾ നടപ്പിലാക്കാൻ താലൂക്ക് അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**